**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 198** **08-08-2023 - ൽ മറുപടിയ്ക്ക്**

**ചങ്ങനാശ്ശേരി ജനറൽ ആശുപത്രിക്ക് കിഫ്ബി സഹായത്തോടെ പുതിയ ബഹുനില കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിൽ കിഫ്ബി സഹായത്തോടെ നിർമ്മിക്കുന്ന ഒ.പി. ബ്ലോക്ക് ഉൾപ്പെടെയുള്ള ബഹുനില കെട്ടിടത്തിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | ചങ്ങനാശ്ശേരി ജനറൽ ആശു പത്രിയിലെ കിഫ്ബി വികസന പദ്ധതിക്ക് 80.41 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി 2022 ൽ നൽകുകയും പ്രസ്തുത പദ്ധതിയുടെ നിർവഹണ എജൻസിയായ ഹൈറ്റ്സ് (HITES) വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി അംഗീകാരത്തിനായി കിഫ്ബിക്ക് സമർപ്പിക്കുകയും ചെയ്തു. തുടർന്ന് നടത്തിയ സൈറ്റ് വിസിറ്റിന്റേയും, 19.07.2023 ലെ റിപ്പോർട്ട് അവലോകനത്തിന്റേയും അടിസ്ഥാന ത്തിൽ ഡിസൈൻ ഭേദഗതി ചെയ്ത് അംഗീകാരത്തിനായി സമർപ്പിക്കുവാൻ കിഫ്ബി നിർവ്വഹണ ഏജൻസിക്കു നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത നടപടികൾ പൂർത്തിയായി കിഫ്ബിയുടെ സാമ്പത്തിക അനുമതി ലഭ്യമാക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിച്ച് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതാണ് |
| (ബി) | ഭരണാനുമതി ലഭിച്ച് ഒരു വർഷം കഴിഞ്ഞിട്ടും ടെണ്ടർ നടപടികൾ ആരംഭിക്കാൻ സാധിക്കാത്തതിനുള്ള കാരണം വ്യക്തമാക്കാമോ; വിശദവിവരം ലഭ്യമാക്കാമോ? | (ബി) | മറുപടി എ പിരിവിൽ ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ